**Rehabilitation Plantations Limited**
(A Joint Venture of Govt. of India & Govt. of Kerala)
CIN-U01119KL1976SGC002799
GSTNo:- 32AAACT8105A1Z2
Regd. Office: PUNALUR-691 305, KOLLAM DIST., KERALA, INDIA
An ISO 9001 & 14001 Certified Company

# ഇ-ടെൻഡർ

## ബസ് വാടകയ്ക്ക് ആവശ്യമുണ്ട്.

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് വക കുളത്തൂപ്പുഴ എസ്റ്റേറ്റിൽ നിന്നും 2025-26-ലെ അധ്യയന വർഷത്തിൽ കുട്ടികളെവിവിധ സ്കൂളുകളിൽ എത്തിക്കുന്നതിനും തിരികെകൊണ്ടുവരുന്നതിനുമായി കുറഞ്ഞത് 50 സീറ്റിംഗ് കപ്പാസിറ്റി ഉള്ള ഒരു ബസ്സ് ഓടിക്കുന്നതിന് ബസ് ഉടമകളിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു. നിരതദ്രവ്യം 10,000/-, ടെൻഡർഫോമിന്റെ വില 1858/-(1575+18% GST).ടെൻഡറുകൾ സമർപ്പിക്കേണ്ടുന്ന അവസാന തീയതി 08.05.2025, 5.00 pm, ടെൻഡറുകൾ തുറക്കുന്ന തീയതി 12.05.2025, 11.00 am.

TENDER ID :2025_RPL_761126_1

SD/-

മാനേജിംഗ് ഡയറക്ടർ

RPL/S/1416/2025/School bus/ 155 dtd:22.04.2025

RPL /S/1416/2025/school bus/155 dtd. 22.04.2025

## റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ
## ഇ-ടെൻഡർ വ്യവസ്ഥകൾ

1. റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് വക കുളത്തൂപ്പുഴ എസ്റ്റേറ്റിൽ നിന്നും 2025-26-ലെ അധ്യയന വർഷത്തിൽ കുട്ടികളെ വിവിധ സ്കൂളുകളിൽ എത്തിക്കുന്നതിനും തിരികെ കൊണ്ടു വരുന്നതിനുമായി കുറഞ്ഞത് 50 സീറ്റിംഗ് കപ്പാസിറ്റി ഉള്ള ഒരു ബസ്സ് ഓടിക്കുന്നതിന് ബസ് ഉടമകളിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.

2. ഇ-ടെൻഡറുകൾ (www.etenderskerala.gov.in) എന്ന ഇ-ടെൻഡർ സൈറ്റിൽ ക്വാട്ട് ചെയ്യാവുന്നതാണ്. ഒരു ദിവസം ബസ് സ്റ്റാഫ് ഉൾപ്പെടെ നൽകുന്നതിന് കമ്പനി നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ഇ-ടെന്ററിൽ കാണിക്കേണ്ടത്. ക്വാട്ട് ചെയ്യുന്ന നിരക്ക് GST ഉൾപ്പെടെ ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്കായി കമ്പനിയുടെ ഹെഡ്ഡ് ഓഫീസുമായി (പർച്ചേസ് ഡിപ്പാർട്ടുമെന്റ്) ബന്ധപ്പെടുകയോ www.rplkerala.com/www.etenderskerala.gov.in) എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

3. ടെൻഡറിനോടൊപ്പം ഇ.എം.ഡി ആയി, 10000/- രൂപ ഓൺലൈൻ വഴി നൽകേണ്ടതാണ്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ്, ടാക്സ്ടോക്കൺ, ആർ.സി. ബുക്കിന്റെ കോപ്പി മുതലായവയും ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ടെൻഡർ സമർപ്പിക്കുന്ന ആളിന്റെ തിരിച്ചറിയലിനു വേണ്ടി pan card/election id card/passport ഇവയിൽ ഏതിന്റെ എങ്കിലും അറ്റസ്റ്റ് ചെയ്ത കോപ്പി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

4. വാഹനത്തിന് ടെൻഡർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന രീതിയിൽ കുട്ടികളെ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ സീറ്റിംഗ് കപ്പാസിറ്റി ഉണ്ടായിരിക്കേണ്ടതാണ്. 2012 -ഓ അതിനു ശേഷമുള്ളതോ ആയ മോഡൽ വാഹനം ആയിരിക്കണം. അതുപോലെ തന്നെ ബസിന് നല്ല പ്രവർത്തനക്ഷമതയും, ഇൻഷ്വറൻസ് കവറേജും ഉണ്ടായിരിക്കണം. കരാറുകാരൻ കാലാകാലങ്ങളിൽ ഇൻഷ്വറൻസ്, ടാക്സ് മുതലായവ സ്വന്തം ചെലവിൽ പുതുക്കി പേപ്പറുകൾ കമ്പനിയിൽ ഹാജരാക്കേണ്ടതാണ്.

5. വാഹനത്തിന് ആവശ്യമായ ഇന്ധനവും, സ്പെയറുകളും, റിപ്പയറിങ്ങും, വളരെ ഉത്തരവാദിത്വമുള്ള ജോലിക്കാരും (ഡ്രൈവറും സഹായിയും അടക്കം) മറ്റുകാര്യങ്ങളും കരാറുകാരൻ സ്വന്തംചെലവിൽ കരുതിയിരിക്കേണ്ടതാണ്. കരാറുകാരന്റെ ജോലിക്കാരുടെ വേതനവുംമറ്റും നിയമാനുസരണമായി നൽകേണ്ടുന്ന ആനുകൂല്യങ്ങളും നൽകുവാൻ കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കും. കമ്പനിക്ക് യാതൊരുവിധ ഉത്തരവാദിത്വവും ഈ കാര്യങ്ങളിൽ ഉണ്ടായിരിക്കുന്നതല്ല.

6. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ വാഹനങ്ങൾ നിശ്ചിത സമയത്ത് ഓടിക്കാതെ വന്നാൽ, കമ്പനി ബദൽ സംവിധാനം ഏർപ്പെടുത്തുന്നതും അതുമൂലമുണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതും ആയിരിക്കും. കൂടാതെ മേൽ പറഞ്ഞ വീഴ്ചച വരുത്തിയ ദിവസങ്ങളിലേക്ക് പ്രതിദിനം 500/- രൂപ ക്രമത്തിൽ ഫൈൻ ഈടാക്കുന്നതുമാണ്.

7. ടെൻഡറിൽ പറഞ്ഞിരിക്കുന്ന നിരക്ക് കൂടുതൽ ആണെന്ന് കണ്ടാൽ നെഗോഷിയേഷൻ നടത്തുന്നതിന് കമ്പനിക്ക് അധികാരം ഉണ്ടായിരിക്കും.

8. ടെൻഡർ ഉറപ്പിച്ച അറിയിപ്പ് കമ്പനി നൽകുന്നതോടു കൂടികരാർ നിലവിൽ വരുന്നതായിരിക്കും. ടെൻഡർ ഉറപ്പിച്ച അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം കരാറുകാരൻ 10000/-രൂപ സെക്യൂരിറ്റിഅടച്ച് 200/- രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ഇ.എം.ഡി കമ്പനിയിലേക്ക് കണ്ടു കെട്ടുന്നതാണ്.

9. ടെൻഡറിന്റെ കാലാവധി 2026 മാർച്ച് മാസം 31 വരെയോ അല്ലെങ്കിൽ 2025-26 അക്കാദമിക്ക് വർഷത്തിന്റെ അവസാനം വരെയോ ആയിരിക്കും. ആവശ്യമെങ്കിൽ ഒരു മാസത്തെ നോട്ടീസ് നൽകി കരാർ റദ്ദാക്കുവാൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കും.

10. കരാറുകാരൻ GST നിബന്ധനകൾക്ക് അനുസൃതമായ ബില്ലുകൾ എസ്റ്റേറ്റ് മാനേജർക്ക് അതതു മാസങ്ങളിൽ സമർപ്പിക്കേണ്ടതാണ്.

11. കമ്പനിക്കുവേണ്ടി ഓടിക്കേണ്ടി വരുന്ന സമയങ്ങളിൽ കമ്പനി നിശ്ചയിക്കുന്ന കുട്ടികളെയല്ലാതെ യാത്രക്കാരായി മറ്റാരേയും വാഹനത്തിൽ കയറ്റുവാൻ പാടില്ലാത്തതും ഇതിൽ നിന്ന് കരാറുകാരൻ വ്യതിചലിച്ചാൽ ആയതിന് മോട്ടോർ വകുപ്പ് ചുമത്തുന്ന പിഴ കരാറുകാരൻ തന്നെ വഹിക്കേണ്ടതുമാണ്. മോട്ടോർ വാഹന നിയമ പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും കൂടാതെ സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന യാത്രാ സംബന്ധമായ എല്ലാ നിർദ്ദേശങ്ങളും പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

12. ടെൻഡർ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെൻഡറിൽ പറഞ്ഞിരിക്കുന്ന സമയത്ത് ടെൻഡർ തുറക്കുന്നതുമായിരിക്കും.

13. കരാറുകാരൻ ഏതെങ്കിലും ടെൺഡർ/ കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ കരാർ റദ്ദാക്കുന്നതിനും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബദൽ സംവിധാനമേർപ്പെടുത്തുവാൻ കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരമുണ്ടാകുന്ന ചെലവ്/നഷ്ടം റവന്യൂ റിക്കവറി നടപടിമൂലമോ, കരാറുകാരൻ കമ്പനിയിൽ നിന്നും ലഭിക്കുവാനുള്ള മറ്റ് തുകകളിൽ നിന്നോ നിയമ നടപടി മുഖേനയോ ഈടാക്കുവാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കും. കരാറിൽ വീഴ്ചവരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമായിരിക്കും. ഇപ്രകാരം ബദൽ സംവിധാനം ഏർപ്പെടുത്തുമ്പോൾ ലഭിക്കുന്ന നിരക്ക് കരാറുകാരൻ നൽകിയിരിക്കുന്ന നിരക്കിലും കുറവാണെങ്കിൽ അതുമൂലമുണ്ടാകുന്ന നിരക്കു വ്യതിയാനത്തിനു കരാറുകാരൻ അർഹനായിരിക്കില്ല.

14. കരാറുകാരന്റെയോ കരാറുകാരന്റെ തൊഴിലാളികളുടെയോ ശ്രദ്ധ മൂലമോ അല്ലാതെയോ എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിനു കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി. കമ്പനിക്ക് യാതൊരുവിധ ഉത്തരവാദിത്വവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

15. കരാറുകാരൻ കമ്പനി നിശ്ചയിക്കുന്ന വിവിധസമയങ്ങളിലും റൂട്ടുകളിലും വാഹനം ഓടിക്കുന്നതിനും ബാധ്യസ്ഥനായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പുനലൂരിലുള്ള ഹെഡ് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

16. കരാർ നിലവിൽ വന്നതിനുശേഷം എന്തെങ്കിലും കാരണവശാൽ തുടർച്ചയായി വാഹനം കമ്പനിക്ക് ആവശ്യമില്ലാതെ വരുന്ന പക്ഷം എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ കരാറുകാരൻ ഉണ്ടായാൽ

കഷ്ടനഷ്ടങ്ങൾക്ക് കമ്പനിക്ക് യാതൊരുവിധ ബാധ്യതയുമുണ്ടായിരിക്കുന്നതല്ല.

17. ടെൻഡറിൽ മാറ്റങ്ങൾ വരികയാണെങ്കിൽ അത് ഇ-ടെൻഡർ സൈറ്റിൽ കൊറിജൻഡമായി അപ്പ് ലോഡ്ചെയ്യുന്നതാണ്.

ബസ് റൂട്ടിന്റെ വിശദ വിവരങ്ങൾ

കുളത്തൂപ്പുഴ സെൻട്രൽ സ്റ്റോർ രാവിലെ 7.00 മുതൽ 2 എച്ച് കോളനി, 2ജെ കോളനി, 9 ബി കോളനി, 1ഇ കോളനി, 1 സി കോളനി, കൂവക്കാട്, കുളത്തൂപ്പുഴ , പച്ചകട, ചന്ദനക്കാവ്, ഏരൂർ, അഞ്ചൽ വരെരാവിലെ 9.20. തിരികെ സ്കൂൾ സമയം കഴിഞ്ഞ്. ആകെ ദൂരം – 82 കിലോമീറ്റർ,

SD/-

മാനേജിംഗ് ഡയറക്ടർ